പതിനാലാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.3742 — 20.06.2019 ൽ മറുപടിയ്ക്ക്

സപ്ലൈകോയുടെ സാമ്പത്തിക പ്രതിസന്ധി

ചോദ്യം
ശ്രീ.പാറക്കൽ അബ്ദുല്ല

ഉത്തരം
ശ്രീ. പി. തിലോത്തമൻ
(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | സപ്ലൈകോയെ സാമ്പത്തിക പ്രതിസന്ധിയിലേക്ക് തള്ളിവിടുന്നതിൽ ജീവനക്കാർക്ക് പങ്കുണ്ടെന്ന റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ; | (എ) | ഇല്ല. |
| (ബി) | കഴിഞ്ഞ മാർച്ചിൽ ഭക്ഷ്യവകുപ്പിന്റെ സംസ്ഥാനതല പരിശോധനയിൽ കഴിഞ്ഞ ഡിസംബർ മാസം വരെ ഉദ്യോഗസ്ഥതല ത്തിൽ എൺപത്തിരണ്ട് കോടി രൂപയുടെ വെട്ടിപ്പ് നടന്നതായി കണ്ടെത്തുകയു ണ്ടായോ; | (ബി) | ഭക്ഷ്യ വകുപ്പിന്റെ സംസ്ഥാനതല പരിശോധനയിൽ 82 കോടി രൂപയുടെ വെട്ടിപ്പ് നടന്നതായി കണ്ടെത്തിയിട്ടില്ല. |
| (സി) | ക്രമക്കേട് നടത്തിയ എത്ര പേരെ ഇതിനകം സർവീസിൽ നിന്നും പിരിച്ചുവിട്ടിട്ടുണ്ട്; എത്ര ജീവനക്കാർക്കെതിരെ വിജിലൻസ് കേസുണ്ട്; | (സി) | വിവിധ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് നാളിതുവരെ ആകെ 23 പേരെ സർവ്വീസിൽ നിന്നും പിരിച്ചുവിട്ടു. (ഡെപ്യൂട്ടേഷൻ ജീവനക്കാർ-5, സപ്ലൈകോ ജീവനക്കാർ-17) വിവിധ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് ആകെ 33 വിജിലൻസ് കേസുകൾ നിലവിൽ ഉണ്ട് (ഡെപ്യൂട്ടേഷൻ ജീവനക്കാർ- 14 സപ്ലൈകോ ജീവനക്കാർ-19). |
| (ഡി) | സപ്ലൈകോ ജീവനക്കാരിൽ നിന്നും ഡെപ്യൂട്ടേഷനിൽ വന്ന ജീവനക്കാരിൽ നിന്നുമായി യഥാക്രമം എത്ര കോടി രൂപ വീതം സപ്ലൈകോയ്ക്ക് ലഭിക്കാനുണ്ട്; | (ഡി) | സപ്ലൈകോ ജീവനക്കാരുടെ ബാധ്യത 68 കോടി രൂപയും ഡെപ്യൂട്ടേഷൻ ജീവനക്കാരുടെ ബാധ്യത 13 കോടി രൂപയും ആണ്. ടി ബാധ്യത തുകകൾ നടപടികൾ പൂർത്തിയാകാത്തതും, വിജിലൻസ്/കോടതി കേസുകളിൽ ഉൾപ്പെടുന്നതും ആകുന്നു. |
| (ഇ) | മറ്റെന്തൊക്കെ സാമ്പത്തിക വെട്ടിപ്പുകളാണ് പരിശോധനയിൽ കണ്ടെത്തിയത്; വിശദാംശങ്ങൾ നൽകുമോ? | (ഇ) | ഭക്ഷ്യവകുപ്പിന്റെ സംസ്ഥാനതല പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു. |

സെക്ഷൻ ഓഫീസർ

# അനുബന്ധം

ആലപ്പുഴ ജില്ലാ കോടതിക്കു സമീപം പ്രവർത്തിക്കുന്ന സപ്ലൈകോ സൂപ്പർ മാർക്കറ്റിൽ, സംസ്ഥാനതല ഇൻസ്പെക്ഷൻ ടീം 12.06.18-ൽ നടത്തിയ പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകളുടെ അടിസ്ഥാനത്തിൽ OIC ആയിരുന്ന ശ്രീ. ജോൺ. പി.കെ. (JA-Direct) ക്ക് 4613.8 (3910/-+18% പലിശ) ബാധ്യത നിശ്ചയിച്ച് 21.11.18-ൽ ഡി16-25166/18 പ്രകാരം കുറ്റപത്രം നൽകി നടപടി സ്വീകരിച്ചുവരുന്നു.

മേനംകുളം സബ്ഡിപ്പോ പരിശോധനയിൽ റേഷൻ വിതരണത്തിൽ ക്രമക്കേടും സ്റ്റോക്കിൽ വ്യത്യാസവും കണ്ടെത്തി. ഗോഡൗൺ OIC ശ്രീമതി മനുജ. ആർ.വി. യെ സസ്പെൻറ് ചെയ്തു. പിന്നീട് തിരിച്ചെടുത്തു. ബാധ്യത നിശ്ചയിക്കുന്നതിനായി അസിസ്റ്റന്റ് സെക്രട്ടറിയെ അന്വേഷണ ഉദ്യോഗസ്ഥനായി നിയമിച്ചിട്ടുണ്ട്. ഉത്തരവ് ലഭിച്ചിട്ടില്ല.

തിരുവനന്തപുരം മേഖലാ ഓഫീസറുടെ കാര്യാലയം: ഓഫീസ് നടപടിക്രമങ്ങളിൽ സ്വീകരിക്കേണ്ട നടപടി സംബന്ധിച്ച് ശുപർശ നൽകുകയും ആയത് നടപ്പിൽവരുത്തുകയും ചെയ്തിട്ടുണ്ട് (ഉദ്യോഗസ്ഥർക്ക് ബാധ്യത ഇല്ല).

കാട്ടാക്കട NFSA ഗോഡൗൺ- ഗോഡൗൺ OIC ആയിരുന്ന ശ്രീ. വി.ജി. ശ്രീജിത്തിന് സർക്കാരിൽ നിന്ന് കുറ്റപത്രം നൽകി വിശദീകരണം ലഭ്യമാക്കി താക്കീത് നൽകി അച്ചടക്ക നടപടി തീർപ്പാക്കി. (സാമ്പത്തിക ബാധ്യത ഇല്ല)

തിരുവനന്തപുരം മേഖലാ-കരുനാഗപ്പള്ളി ഡിപ്പോ മണപ്പിള്ളി സൂപ്പർ മാർക്കറ്റ്-പരിശോധനയിൽ കണ്ട ക്രമക്കേടുകൾക്കും സ്റ്റോക്കിലെ കുറവിനും OIC ശ്രീ. വി. രഘുനാഥനെതിരെ അച്ചടക്ക നടപടി സ്വീകരിക്കുന്നതിന് ലഭിച്ച നിർദ്ദേശമനുസരിച്ച് കുറ്റപത്രം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു (ബാധ്യത തുക 19756/- രൂപ)

സംസ്ഥാന തല ഇൻസ്പെക്ഷൻ സ്ക്വാഡ് 01.10.2018 ൽ കഴക്കൂട്ടം മാവേലി സ്റ്റോറിൽ പരിശോധന നടത്തി-കുറ്റപത്രം നൽകി-ശ്രീ. റ്റി. രാജീവ്കുമാർ (OIC) അച്ചടക്ക നടപടി തീർപ്പാക്കി-ബാധ്യത തുക 4545/- അടവ് വരുത്തി. 120.59 കി.ഗ്രാം ജയ അരി- 120.59 X @32 = 3859+18% പലിശ = 4554/-

സെക്ഷൻ ഓഫീസർ